**കേരള സർക്കാർ**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**

**ഫാം ഇൻഫർമേഷൻ ബ്യൂറോ**

കവടിയാർ, തിരുവനന്തപുരം 695003

www.fibkerala.gov.in, fibtvm.agri@kerala.gov.in, 0471 -2318186, 2317314

---

നം: ADFW/FIB/TVM/454/2024-VP തീയതി: 04-11-2024

**ക്വട്ടേഷൻ നോട്ടീസ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് തിരുവനന്തപുരം ജില്ലയിൽ 2024 നവംബർ 19, 20 ദിവസങ്ങളിൽ നാഷണൽ വർക്ക് ഷോപ്പ് ഓൺ ഓർഗാനിക് ആന്റ് നാച്ചറൽ ഫാമിങ് എന്ന പരിപാടി സംഘടിപ്പിക്കുന്നു. ടി പരിപാടിയുടെ മൂന്ന് വ്യത്യസ്ത ഹാളുകളിലായി മൂന്ന് വിഷയങ്ങളിൻമേൽ നടത്തുന്ന ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻസിന്റെ വീഡിയോ ഡോക്യുമെന്റേഷൻ ചെയ്യുന്നതിലേക്ക് തയ്യാറുള്ള വ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

2024 നവംബർ 19 തീയതിയിലെ പരിപാടിയുടെ മൂന്ന് വ്യത്യസ്ത ഹാളുകളിലായി മൂന്ന് വിഷയങ്ങളിൻമേൽ നടത്തുന്ന ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻസിന്റെ വീഡിയോ റെക്കോർഡിംഗ് പൂർണ്ണമായും വ്യക്തതയോടു കൂടി Full HD ഫോർമാറ്റിൽ ചിത്രീകരണം നടത്തി എഡിറ്റ് ചെയ്ത് നൽകേണ്ടതാണ്. പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫിസർ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം വീഡിയോകൾ പെൻഡ്രൈവിലോ/ഹാർഡ് ഡിസ്കിലോ 15 ദിവസത്തിനുള്ളിൽകൈമാറേണ്ടതുമാണ്. എല്ലാ ചെലവുകളും ഉൾപ്പെടെ ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.

ക്വട്ടേഷനുകൾ 13/11/2024 വൈകിട്ട് 3 മണിക്ക് മുൻപായി പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ ഫാം ഇൻഫർമേഷൻ ബ്യൂറോ കവടിയാർ പി ഓ തിരുവനന്തപുരം എന്ന വിലാസത്തിൽ തപാൽ മുഖേനയോ നേരിട്ടോ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറിന് മുകളിലായി "നാഷണൽ വർക്ക് ഷോപ്പ് ഓൺ ഓർഗാനിക് ആന്റ് നാച്ചറൽ ഫാമിങ് പരിപാടിയുടെ വീഡിയോ ഡോക്യുമെന്റേഷൻ ചെയ്യുന്നതിലേയ്ക്കുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തേണ്ടതാണ്. ഫാം ഇൻഫർമേഷൻ ബ്യൂറോ ലഭ്യമാക്കുന്ന നിബന്ധനകൾക്ക് അനുസൃതമായി വീഡിയോ ഡോക്യുമെന്റേഷൻ തയ്യാറാക്കേണ്ടതാണ്. 1 ദിവസത്തെ പരിപാടിയിൽ 3 ക്യാമറ ഉൾപ്പെടെ 3 ക്യാമറാമാൻമാരുടെ എല്ലാ സേവനത്തിന്റെയും എഡിറ്റിംഗിന്റെയുംനിരക്കാണ് (GST ഉൾപ്പെടെ) രേഖപ്പെടുത്തേണ്ടത്. പ്രസ്തുത ജോലി ഈ ഓഫീസിലെ ഉദ്യോഗസ്ഥർ വിലയിരുത്തുന്നതും ആയതിൽ ന്യൂനതകളോ കുറവുകളോ അപാകതകളോ വരുന്ന പക്ഷം പേമെന്റിൽ അനുപാതികമായി കുറവ് വരുത്തുന്നതുമാണ്. ക്വട്ടേഷനുകൾ സ്വീകരിന്നതിനും, നിരസിക്കുന്നതിനും, പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

ക്വട്ടേഷനുകൾ 13/11/2024, വൈകിട്ട് 3.30 മണിക്ക് അപ്പോൾ ഹാജർ ഉള്ളവരുടെ സാന്നിധ്യത്തിൽ ഉറന്നു പരിശോധിക്കുന്നതും ലഭിച്ച ക്വട്ടേഷനുകളിൽ എല്ലാ പ്രവർത്തിക്കും ഉൾക്കൊള്ളുന്ന ആകെ തുകയുടെ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേരിൽ സ്ഥിരപ്പെടുത്തുന്നതാണ്. 13/11/2024 ന് ഏതെങ്കിലും കാരണത്താൽ അവധിയാകുന്ന പക്ഷം തൊട്ടടുത്തുള്ള പ്രവർത്തി ദിവസം വൈകിട്ട് 3.00 മണിവരെ ക്വട്ടേഷൻ സ്വീകരിക്കുന്നതും വൈകിട്ട് 3.30 ന് ഉറന്നു പരിശോധിക്കുന്നതും ആണ്. സർക്കാരിന്റെ എല്ലാ ക്വട്ടേഷൻ/ലേല വ്യവസ്ഥകളും ഇതിന് ബാധകമായിരിക്കും.

Signed by
Nizam. S. A
Date: 04-11-2024 10:57:46

NIZAM S A
PRINCIPAL INFORMATION OFFICER

പകർപ്പ്:
1) ഓഫീസ് നോട്ടീസ് ബോർഡ്
2) വെബ്സൈറ്റ്
3) സ്റ്റോക്ക് ഫയൽ/ അധികം